(ജി) നിയമനം നൽകിയവരുടെ പേരും ഏതൊക്കെ തസ്തികകളിലാണ് നിയമനം നൽകിയതെന്നും കാണിക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുമോ ;

(എച്ച്) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ലക്ചറർ (ഇലക്ട്രോണിക്സ്) തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) എ.ഐ.സി.റ്റി.ഇ. അംഗീകരിച്ച സ്റ്റാഫ് പാറ്റേൺ അനുസരിച്ച് പോളിടെക്നിക്കുകളിലെ സ്റ്റാഫ് പാറ്റേൺ ജി.ഒ(എം.എസ്)നം.158/98/ഉ.വി.വ തീയതി 21-12-1998 പ്രകാരം പുതുക്കി നിശ്ചയിക്കുകയുണ്ടായി. എ.ഐ.സി.റ്റി.ഇ. മാർഗ്ഗ രേഖയിൽ അസിസ്റ്റന്റ് ലക്ചറർ തസ്തിക ഇല്ല. അതനുസരിച്ച് അസിസ്റ്റന്റ് ലക്ചറർ തസ്തിക പോളിടെക്നിക്കിൽ നിറുത്തലാക്കി. നിറുത്തലാക്കിയ അസിസ്റ്റന്റ് ലക്ചറർ തസ്തികകൾ ലക്ചറർ തസ്തികകളാക്കി മാറ്റുവാൻ തീരുമാനിച്ചിട്ടുണ്ട്. അസിസ്റ്റന്റ് ലക്ചററായി തുടരുന്നവർ അവർ സർവ്വീസിൽ നിന്നും വിരമിക്കുമ്പോഴോ, തസ്തിക ഒഴിഞ്ഞുപോകുമ്പോഴോ അവ ഇല്ലാതാകുന്നതാണ്.

(സി) ശ്രീ. ശിവദാസനെ അടുത്തുണ്ടാകുന്ന ഒഴിവിൽ നിയമിക്കുന്നതിനാണ് ഉത്തരവ്. ടി ഉത്തരവിന് ശേഷം അസിസ്റ്റന്റ് ലക്ചറർ (ഇലക്ട്രോണിക്സ്) തസ്തികയിൽ ഒഴിവുണ്ടായിട്ടില്ല. ജി.ഒ.(എം.എസ്.) 158/98/ഉ.വി.വ. 21-12-1998എന്ന ഉത്തരവ് പ്രകാരം അസിസ്റ്റന്റ് ലക്ചറർ തസ്തിക നിറുത്തലാക്കുകയും ചെയ്തു.

(ഡി) ഉണ്ട്.

(ഇ) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് വാങ്ങുകയും ആയതും അപേക്ഷയും പരിശോധിച്ചുവരികയുമാണ്.

(എഫ്) ഈ ഉത്തരവിനുശേഷം അസിസ്റ്റന്റ് ലക്ചറർ (ഇലക്ട്രോണിക്സ്) തസ്തികയിൽ ആശ്രിത നിയമനപ്രകാരം നിയമനം നടത്തിയിട്ടില്ല.

(ജി) ബാധകമല്ല.

(എച്ച്) നിലവിൽ 12 ഒഴിവുകൾ ഉണ്ട്. അവയെല്ലാം പി.എസ്.സി.യെ അറിയിച്ചിട്ടുമുണ്ട്.

ഐ.എച്ച്.ആർ.ഡി.ഇ.യിൽ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണം

75 (2055) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.എച്ച്.ആർ.ഡി.ഇ.യിൽ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് മുൻ ഡയറക്ടർ ശ്രീ. എം. പി. നായർ, അഡീഷണൽ ഡയറക്ടർ ശ്രീ. സുകുലാൽ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീ. രവീന്ദ്രൻ നായർ എന്നിവർക്കെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(സി) അന്വേഷണം പൂർത്തിയായിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) വിജിലൻസ് അന്വേഷണം ആരംഭിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ ;

(ഇ) അന്വേഷണ ഉദ്യോഗസ്ഥനായ വിജിലൻസ് ഓഫീസറുടെ ഭാര്യ ശ്രീമതി മേരി ക്രിസ്റ്റിസെബാസ്റ്റ്യനെ ഐ.എച്ച്.ആർ.ഡി.ഇ.യിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ എപ്പോൾ നിയമിച്ചുവെന്നും ഏത് തസ്തികയിലേക്കാണ് നിയമനം നടത്തിയതെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഐ.എച്ച്.ആർ.ഡി.യിൽ കെട്ടിടനിർമ്മാണങ്ങളിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ഒരു വിജിലൻസ് അന്വേഷണം നടത്തുവരുന്നു. കൂടാതെ രണ്ട് വിജിലൻസ് കേസുകളും രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നുണ്ട്.

(ബി) ഐ.എച്ച്.ആർ.ഡി.യുടെ ചുമതലയിലുള്ള വിവിധ മോഡൽ പോളിടെക്നിക്കുകൾക്ക് കെട്ടിടം നിർമ്മിച്ചതിലെ ക്രമക്കേടുകൾ സംബന്ധിച്ചാണ് മേൽപ്പറഞ്ഞ വിജിലൻസ് അന്വേഷണം നടക്കുന്നത്. അന്വേഷണം പ്രാരംഭഘട്ടത്തിലായതിനാൽ കൂടുതൽ വിവരം വെളിപ്പെടുത്തുന്നത് ഉചിതമായിരിക്കുകയില്ല. മേൽപ്പറഞ്ഞ വിജിലൻസ് അന്വേഷണം കൂടാതെ, തൃക്കാക്കര മോഡൽ എഞ്ചിനീയറിംഗ് കോളേജിന്റെ കെട്ടിടനിർമ്മാണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് വി.സി.10/97/എസ്.ഐ.യു. നമ്പരായി ഒരു വിജിലൻസ് കേസും ചെങ്ങന്നൂർ എഞ്ചിനീയറിംഗ് കോളേജിന്റെ കെട്ടിടനിർമ്മാണത്തിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് വി.സി.11/97/എസ്.ഐ.യു. നമ്പരായി മറ്റൊരു വിജിലൻസ് കേസും രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. പ്രസ്തുത വിജിലൻസ് കേസുകളിൽ പ്രതിയായിട്ടുള്ളവരുടെ പേരുവിവരം താഴെ ചേർക്കുന്നു.

1. പ്രൊഫസർ. എം. പി. നായർ, മുൻ ഡയറക്ടർ, ഐ.എച്ച്.ആർ.ഡി. തിരുവനന്തപുരം
2. ഡോ. കെ. സുകുലാൽ അസിസ്റ്റന്റ് ഡയറക്ടർ, ഐ.എച്ച്.ആർ.ഡി. തിരുവനന്തപുരം
3. ശ്രീ. എസ്. കേശവൻ നായർ, മുൻ ഡയറക്ടർ, എൽ.എം.ടി.പി.സി. തിരുവനന്തപുരം
4. ശ്രീമതി ജയന്തി ഭായി, അഡീഷണൽ സെക്രട്ടറി (റിട്ടയേർഡ്) ധനകാര്യ വകുപ്പ്, തിരുവനന്തപുരം
5. മെസ്സേഴ്സ് സന്തോഷ് & ജോർജ് ആർക്കിടെക്സ് & അസോസിയേറ്റ്സ് പള്ളിമുക്ക്

LIBRARY ARCHIVES Kerala Legislative Assembly

6. ശ്രീ. എ.സി. ഹരിദാസ് ഹാപ്പി കൺസ്ട്രക്ഷൻസ് കാക്കനാട് കൊച്ചി

7. ശ്രീ. എൻ. കെ. ശശീന്ദ്രൻ, അമ്പാടത്ത് ഹൗസ്, കാക്കനാട് പെരുമ്പാവൂർ

8. ശ്രീ. ജെ. ജയകുമാർ, ടി.സി.2/1085 തിരുവനന്തപുരം

(സി) മേല്പറഞ്ഞ വിജിലൻസ് അന്വേഷണവും വിജിലൻസ് കേസുകളുടെ അന്വേഷണവും പൂർത്തിയായിട്ടില്ല. അന്വേഷണം പൂർത്തിയായാൽ മാത്രമേ കുറ്റക്കാരായ ഉദ്യോഗസ്ഥൻമാരുടെ പേരിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് തീരുമാനിക്കാൻ സാധിക്കുകയുള്ളൂ.

(ഡി) മേല്പറഞ്ഞ വിജിലൻസ് അന്വേഷണം ആരംഭിച്ചിട്ടുള്ളത് 1999-ലാണ്. വിജിലൻസ് കേസുകളുടെ അന്വേഷണം ആരംഭിച്ചിട്ടുള്ളത് 1997-ലാണ്.

(ഇ&എഫ്) വിവരം ശേഖരിച്ചുവരുന്നു.

സംസ്ഥാനത്ത് പുതുതായി തുടങ്ങുന്ന എൻജിനിയറിംഗ് കോളേജുകളും പോളിടെക്നിക്കുകളും

76 (2056) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എവിടെയൊക്കെ പുതുതായി എഞ്ചിനീയറിംഗ് കോളേജുകളും പോളിടെക്നിക്കുകളും തുടങ്ങുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതൊക്കെ ഏജൻസികളുടെ കീഴിലാണ് തുടങ്ങുന്നത് ;

(സി) ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ ഏതൊക്കെ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു ;

(ഡി) ഐ. എ ച്ച്. ആർ. ഡിയുടെ കീഴിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്നുണ്ടെങ്കിൽ എവിടെയാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) എഞ്ചിനീയറിംഗ് കോളേജുകൾ (ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ)

പൈനാവ്	- ഇടുക്കി ജില്ല
പൂഞ്ഞാർ	- കോട്ടയം ജില്ല
കരുനാഗപ്പള്ളി	- കൊല്ലം ജില്ല
പിരപ്പൻകോട്	- തിരുവനന്തപുരം

LIBRARY ARCHIVES Kerala Legislative Assembly